## കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരസഭകളുടെ മാലിന്യ സംസ്കരണ പ്രോജക്ടുകൾ ടെണ്ടർ നടപടി ഒഴിവാക്കി നിർവ്വഹണം ഏറ്റെടുത്ത് നടത്തുന്നതിന് ക്ലീൻ കേരള കമ്പനിയ്ക്ക് അനുമതി നൽകിയും നഗരസഭകളുടെ പ്ലാൻ ഫണ്ടിൽ നിന്നും മാലിന്യ സംസ്കരണ മേഖലയിൽ ചെലവഴിക്കാനായി നീക്കിവച്ച തുകയിൽ നിന്നും പദ്ധതി നിർവ്വഹണത്തിന് അഡ്വാൻസ് നൽകുന്നതിനും അനുമതി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(കൈ)നം. 93/2014/തസ്വഭവ** **തിരുവനന്തപുരം, തീയതി: 28/05/2014**

---

പരാമർശം:- 1. സ.ഉ (കൈ) നമ്പർ 282/2012/തസ്വഭവ തീയതി 2.11.12.
2. സ.ഉ (കൈ) നമ്പർ 135/2013/തസ്വഭവ തീയതി 30.3.13.
3. ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എം.ഡി.യുടെ 28.1.14 ലെ കറിപ്പ്.
4. 21.5.2014 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി 3.5 -ാം നമ്പർ തീരുമാനം.

## <u>ഉത്തരവ്</u>

പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം ക്ലീൻ കേരള കമ്പനി ലിമിറ്റഡ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ പരാമർശം (3) ലെ കറിപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി ടെണ്ടർ നടപടികൾ ഒഴിവാക്കി കാലതാമസം കൂടാതെ പദ്ധതികൾ നിർവ്വഹിയ്ക്കപ്പെടുന്നതിന് സർക്കാർ അക്രെഡിറ്റഡ് ഏജൻസിയായി ക്ലീൻ കേരള കമ്പനി ലിമിറ്റഡിനെ നിയമിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പ്ലാൻ ഫണ്ടിൽ ക്ലീൻ കേരള കമ്പനിയുടെ സേവന മേഖലകളിൽ ചെലവഴിക്കാനായി നീക്കി വച്ചിട്ടുള്ളതും എന്നാൽ നടപടി ക്രമങ്ങൾ പൂർത്തിയാക്കാൻ സാധിയ്ക്കാത്തതിനാൽ ചെലവഴിയ്ക്കാൻ കഴിയാത്തതുമായ തുക ക്ലീൻ കേരള കമ്പനിയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിനുള്ള ഡെപ്പോസിറ്റ്/അഡ്വാൻസ് ആയി നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയും ഉത്തരവാകണമെന്ന് ആവശ്യപ്പെട്ടിരുന്നു.

പരാമർശം (4) ലെ കോ- ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിച്ചു. സംസ്ഥാനത്തെ നഗരസഭകൾക്ക് ആവശ്യമായ മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കി ടെണ്ടർ നടപടികൾ ഒഴിവാക്കി

നിർവ്വഹണം ഏറ്റെടുത്ത് നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അംഗീകാരം നൽകിയും നഗരസഭകൾ തങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും മാലിന്യ സംസ്കരണത്തിനായി നീക്കി വച്ചതും എന്നാൽ നടപടി ക്രമങ്ങൾ പൂർത്തീകരിക്കാത്തതിനാൽ നടപ്പിലാക്കാൻ കഴിയാതെ വന്നതുമായ തുക വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ പരമാവധി 40% വരെ പദ്ധതി നിർവ്വഹണത്തിന് അഡ്വാൻസായി ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് നൽകാൻ അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എ.പി.എം.മുഹമ്മദ് ഹനീഷ്
ഗവൺമെന്റ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ/എൽ ബി എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ